# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2348

## (12.06.2018 ലെ മറുപടിക്ക്)

## പൊതുമേഖലാ സ്ഥാപനങ്ങളുടെ അക്രഡിറ്റേഷൻ

| | ചോദ്യം | ഉത്തരം |
|---|---|---|
| | **ശ്രീ.ടി.എ.അഹമ്മദ് കബീർ (ബഹു. എം.എൽ.എ)** | **ഡോ. റ്റി.എം. തോമസ് ഐസക് (ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി)** |
| (എ) | പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന മേഖലയിലെ പരിജ്ഞാനവും മുൻപരിചയവും കണക്കിലെടുത്ത് അക്രഡിറ്റേഷൻ നൽകുന്ന സമ്പ്രദായം പരിശോധിക്കുമോ; | 26/09/2014-ലെ G.O.(MS) 423/14/ധന ഉത്തരവ് പ്രകാരം രൂപീകരിച്ച സെലക്ഷൻ കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരമാണ് നിലവിൽ അക്രഡിറ്റേഷൻ നൽകുന്നത്. അതാത് കാലയളവിൽ നോട്ടിഫിക്കേഷൻ നൽകി വിവിധ സ്ഥാപനങ്ങളുടെ പ്രവർത്തന മികവ്, ബിഡ് കപ്പാസിറ്റി, ടെക്നിക്കൽവിഭവ ശേഷി പ്രവർത്തന മുൻപരിചയം മുതലായവ കണക്കിലെടുത്ത് സ്ഥാപനങ്ങൾ സമർപ്പിക്കുന്ന വിശദാംശങ്ങൾ സെലക്ഷൻ കമ്മിറ്റി പരിശോധിച്ച് ലഭിക്കുന്ന സ്കോറിന്റെ അടിസ്ഥാനത്തിലാണ് അക്രഡിറ്റേഷൻ നൽകുന്നത്. 2018-19 സാമ്പത്തിക വർഷത്തിലേയ്ക്കുള്ള അക്രഡിറ്റേഷൻ പുതുക്കുന്നത് സംബന്ധിച്ച് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. 2018 ജൂലൈ മാസത്തിൽ കൂടുന്ന സെലക്ഷൻ കമ്മിറ്റി യോഗത്തിൽ ടി അപേക്ഷകൾ പരിശോധിച്ച് നിർദ്ദേശങ്ങൾ ലഭ്യമാക്കുന്ന മുറയ്ക്ക് പുതിയ അക്രഡിറ്റേഷൻ നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (ബി) | നിലവിൽ പ്രവൃത്തികൾ ചെയ്തു വരുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ അവരുടെ പരിചയ മേഖലയിൽ ഉൾപ്പെടുത്താതെ ഇറക്കിയ അക്രഡിറ്റേഷൻ സംബന്ധിച്ച ഉത്തരവുകൾ മൂലം സ്ഥാപനങ്ങൾക്ക് പ്രവൃത്തികൾ ഏറ്റെടുക്കാൻ സാധിക്കാതെ വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം സ്ഥാപനങ്ങൾക്ക് വേണ്ടി ഉത്തരവ് പരിഷ്കരിക്കുമോ? | |

**സെക്ഷൻ ഓഫീസർ**